ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് 120 പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) ഇത് സംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പരാതികൾ ലഭിച്ചിട്ടുള്ളതും ആയതിലേക്ക് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് പരാതിക്കാരെ നേരിൽക്കണ്ട് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും ടിയാന്മാരെ സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തി കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നതുമാണ്.

(സി) 25-3-2014-ലാണ് പൊന്നൂസ് ചിട്ടി ഫണ്ട് എന്ന സ്ഥാപനത്തിനും അതിന്റെ നടത്തിപ്പുകാർക്കും എതിരെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. അന്നേ ദിവസംതന്നെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 320/2014 u/s 406, 420 of 34IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെപ്പറ്റി സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് 12/2014 പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

കാഞ്ഞങ്ങാട്ടെ അഭിലാഷിന്റെ കൊലപാതകം

237 (3871) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് കൊല ചെയ്യപ്പെട്ട സ്കൂൾ വിദ്യാർത്ഥിയായ അഭിലാഷിന്റെ മരണത്തിന് ഉത്തരവാദികളായ യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് അഭിലാഷിന്റെ കുടുംബക്കാർ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് യഥാർത്ഥ പ്രതികളെ പിടികൂടുന്നതിന് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സമീപകാലത്ത് മീനാപ്പീസ് കടപ്പുറത്ത് നടന്നിട്ടുള്ള അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട്; ഇതുമായി പ്രസ്തുത കൊലപാതകത്തിന് ബന്ധമുണ്ടോ എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹപാഠികൾ മാത്രമാണ് പ്രതികൾ എന്ന പോലീസിന്റെ നിഗമനം വിശ്വാസയോഗ്യമല്ലെന്നും ആയതിനാൽ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെ കൊണ്ട് ഇതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്നുമുള്ള നാട്ടുകാരുടെ ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ ?

ഉത്തരം

(എ) അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് നിയമസഭാംഗം ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് Cr.No.210/CR/HHW III/KKD/14 (ഹോസ്ദുർഗ് PS Crime No.1188/14) ആയി HHW III കോഴിക്കോട് യൂണിറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ആയത് ശ്രീ. കെ. വി. സന്തോഷ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ 2-12-2014 മുതൽ അന്വേഷണം നടത്തി വരുന്നതുമാണ്.

(ബി) സമീപകാലത്ത് അക്രമസംഭവങ്ങളൊന്നും നടന്നിട്ടില്ല.

(സി) ടി കേസിന്റെ അന്വേഷണം 2-12-2014 മുതൽ ക്രൈം ബ്രാഞ്ച് HHW III കോഴിക്കോട് ഡി.വൈ.എസ്.പി. ശ്രീ. കെ.വി. സന്തോഷിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ

238 (3872) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ആക്രമിക്കപ്പെടുകയുണ്ടായി; എത്രപേർ ആത്മഹത്യ ചെയ്യുകയുണ്ടായി ; വ്യക്തമാക്കുമോ ;

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 314 പേർ ആക്രമിക്കപ്പെടുകയും 715 പേർ ആത്മഹത്യ ചെയ്യുകയും ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly